# അധ്യായം മുപ്പത്തിരണ്ട്

വർഷങ്ങൾ എത്ര കഴിഞ്ഞിരിക്കുന്നു. ഇത്രകാലമായിട്ടും തനിക്കു നാട്ടിലേക്കു വരണമെന്നു തോന്നിയത് ഇപ്പോഴാണ്. നാട്ടിലേക്കു പോകാമെന്നു പറഞ്ഞപ്പോൾ ഓമനയ്ക്കും സന്തോഷമായി. പറ്റുമെങ്കിൽ അവളുടെ നാട്ടിലും പോകണം. തന്നെ വിവാഹം കഴിച്ചുവെന്നതിനു ആദ്യമൊക്കെ ഒറ്റപ്പെടുത്തിയെങ്കിലും ഇപ്പോൾ അവളെ കാണണമെന്നു വീട്ടുകാർക്കു മോഹമുണ്ട്. മൂന്നുനാലു തവണ അവളുടെ ചേടത്തി തന്നെ വിളിച്ചിരുന്നു. എന്തോ ഒറ്റയ്ക്കു തുടങ്ങിയത് അങ്ങനെതന്നെ ആകട്ടെയെന്നാണ് തനിക്കു തോന്നിയത്. ആർക്കും ഉപദ്രവവുമില്ലാതെ ജീവിക്കണമെന്നു മാത്രമെ ഉണ്ടായിരുന്നുള്ളൂ. ജോലിക്കയറ്റവും ഡൽഹിയിൽ ഭേദപ്പെട്ട മറ്റൊരുദ്യോഗം കിട്ടിയതും സോമന്റെ വീട്ടുകാർ അറിയുന്നുണ്ടായിരുന്നു. അമ്മയുടെ കത്തുകൾ ഒന്നു രണ്ടെണ്ണം കിട്ടി. ഒന്നിനു മാത്രമെ മറുപടി അയച്ചുള്ളൂ. ഇടയ്ക്കു അമ്മയ്ക്കു കാശ് അയച്ചു കൊടുക്കും. തങ്കച്ചായൻ ഒരിക്കൽ സോമനെ കാണാൻ ഡൽഹിയിലെത്തിയിരുന്നു. അപ്പൻ അവശതയിലാണെന്നു അച്ചായൻ സൂചിപ്പിച്ചു. സോമനെ കാണണമെന്നു പറഞ്ഞുവത്രെ. അത് കേട്ടപ്പോൾ സോമന് നിസംഗതയാണ് തോന്നിയത്. പ്രായമായപ്പോൾ ചെയ്തകൂട്ടിയ തെറ്റുകൾ മുറിവുകളായി മനസിലുണ്ടായിട്ടുണ്ടാകാം.

നാട്ടിലെത്തിയപ്പോൾ പഴയ ചങ്ങാതിമാരെല്ലാം വന്നിരുന്നു. രാമചന്ദ്രന്റെ അമ്മ മരിച്ചുവെന്നറിഞ്ഞപ്പോൾ വല്ലാത്ത വിഷമമായി. നാട്ടിലേക്കു വരുമ്പോൾ എന്തായാലും കാണണമെന്നു കരുതിയതാണ്. രാമചന്ദ്രൻ കുടുംബസമേതം ഇപ്പോൾ ഗൾഫിലാണ്. മാധവേട്ടൻ പഴയതുപോലെ തന്നെ വീട്ടിലെ പണികൾക്കു കൂട്ടായുണ്ട്. അമ്മിണിയുടെ വീടുണ്ടായിരുന്നിടത്ത് പുതിയ പുര ഉയർന്നിരിക്കുന്നു. അവളുടെ മുഖം മനസിൽ തെളിഞ്ഞു. നെഞ്ചിൽ കൂരമ്പുകൊണ്ട നൊമ്പരം. എന്തേ അവളെക്കുറിച്ചോർക്കുമ്പോൾ ഇപ്പോഴും കണ്ണുകളിൽ നനവു പടരുന്നത്.

റേച്ചൽ മകൻ വന്നതിന്റെ വലിയ സന്തോഷത്തിലാണ്. മരുകളേയും പേരക്കിടാങ്ങളെയും വലിയ ഇഷ്ടത്തോടെയാണ് അവർ എതിരേറ്റത്. പിള്ളേർക്കും അമ്മാമ്മയെ വലിയ ഇഷ്ടമായതുപോലെ. സോമനും കുടുംബവും എത്തിയ സമയത്തുത്തന്നെ അനുജത്തി പൊന്നമ്മയും പിള്ളേരും കെട്ടിയോനും പഞ്ചാബിൽനിന്നെത്തിയിരുന്നു. കുഞ്ഞ് വളർന്നു വലിയ ചെക്കനായിരുന്നു. അവനാണ് ഇപ്പോൾ വീട്ടിലെ എല്ലാ കാര്യങ്ങളും നടത്തുന്നത്.

അപ്പൻ അകത്തെമുറിയിൽ കിടപ്പാണ്. അപ്പന്റെ മുറിയിലേക്കു കാലെടുത്തുവച്ചപ്പോൾ മനസു പഴയതുപോലെയായി. ഇങ്ങനെ അപ്പന്റെ മുറിയിൽ കയറുന്നത് ആദ്യമായാണ്. ഈ കിടപ്പിലും ഈ മനുഷ്യനെ താൻ ഭയപ്പെടുന്നതെന്തെന്നു അവനു അത്ഭുതമായി.

അപ്പൻ ആകെ ക്ഷീണിച്ചിരിക്കുന്നു. പാടത്ത് കന്നിനെപൂട്ടുമ്പോൾ തളർന്നുവീണതാണത്രെ. പല ആശുപത്രികളിലും കൊണ്ടുപോയെങ്കിലും വലിയ മാറ്റമൊന്നുമുണ്ടായില്ല. സോമൻ മുറിയിലേക്കു കടന്നു. ഓമനയും പിള്ളേരും കൂടെയുണ്ട്. ശാമുവേൽ പിള്ളേരെ നോക്കി. ഓമന അവരെ അപ്പനടുത്തേക്കു നീക്കിനിർത്തി. അവരുടെ തലയിലും ദേഹത്തും ശാമുവേലിന്റെ വിരലുകൾ പരതി. സോമൻ അപ്പൻ കിടന്നിരുന്ന കട്ടിലിൽ ഇരുന്നു. ശാമുവേൽ മൂടൽവന്ന കണ്ണുകളോടെ അവനെ നോക്കി. അവന്റെ കൈയിനു മേലെ അയാളുടെ ചുളുങ്ങിയ വിരലുകൾ സ്പർശിച്ചു. ശാമുവേൽ അവന്റെ കൈ മുറുകെ പിടിച്ചു. അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. വലിയൊരു മാപ്പുപറയലിന്റെ അടയാളമായിരുന്നോ അത്. സോമന് അധികനേരം അപ്പന്റെ മുന്നിൽ ഇരിക്കാൻ തോന്നിയില്ല. അപ്പനെ കണ്ടപ്പോൾ തനിക്കുണ്ടായ വികാരം എന്തെന്നു തിരിച്ചറിയാൻ പോലും അവനായില്ല.

പുറത്തു നല്ല മഴ പെയ്യുന്നു. കർക്കടകം മഴ കൊണ്ട് കനിയുകയാണ്. തൊടിക്കപ്പുറമുള്ള മാവിൽ കാറ്റിൽ ഉലഞ്ഞുവീഴാൻ കുരുവിക്കൂടുണ്ടോ. മഴയിൽനനഞ്ഞെത്തിയ ഒരു പേരറിയാ കിളി മാത്രമുണ്ടവിടെ.

ഓമനേ...- സോമൻ വിളിച്ചു. അവൾ ഏറെ മാറിയിരിക്കുന്നു. റാഞ്ചിയിലെ ഒരു വഴിയരികിൽനിന്നു താൻ അവളെ വിളിച്ചുകൊണ്ടുപോരുമ്പോൾ കൈയിൽ എന്തുണ്ടായിരുന്നു. ഒന്നുമുണ്ടായിരുന്നില്ല. ഒരു ജോലികിട്ടിയെന്ന ആത്മവിശ്വാസം മാത്രമായിരുന്നു കൈമുതൽ. അന്നുമുതൽ ഇന്നുവരെ അവൾ മനസുകൊണ്ടും ശരീരം കൊണ്ടും തനിക്കൊപ്പമായിരുന്നു. ഇന്നേവരെ ഒരു മറുവാക്കുപറയിപ്പിക്കാൻ അവൾ ശ്രമിച്ചിട്ടില്ല. മൂന്നു കുട്ടികൾ ഉണ്ടായതും അവരെ വളർത്തി ഇത്രയാക്കിയതും അവൾ തന്നെയാണ്. ഓരോ അരിമണിയും പെറുക്കി സൂക്ഷിക്കുന്നതു പോലെയാണ് തന്റെ ജീവിതം അവൾ ധന്യമാക്കിയത്. തകർന്നു പോകേണ്ടിടത്തുനിന്നു തന്നെ കൈപിടിച്ചു കയറ്റിയത് ഓമനയാണ്. പ്രതിഫലമായി അവൾക്കു തന്റെ ജീവൻ നൽകിയാലും പകരമാവില്ലെന്നു സോമനറിയാം.

ഓമന സോമനു മുന്നിൽ വന്നുനിന്നു. അവൾക്കു വലിയ സന്തോഷമായിട്ടുണ്ട്. സ്വന്തമായി ആരുമില്ല എന്ന തോന്നലിൽ നിന്നു രക്ഷപ്പെട്ടതുപോലെ.

വാ... സോമൻ കുടയെടുത്തു അവളെ വിളിച്ചു.

എങ്ങോട്ടാ...

ഒരിടം വരെ...

പിള്ളേരെ വിളിക്കണോ...

വേണ്ട...

അവർ അകത്ത് പൊന്നമ്മയുടെ കുട്ടികളുമായി കളിക്കുകയാണ്. അയാൾ കുടയുമായി

പുറത്തേക്കിറങ്ങി. ഓമന ഒപ്പവും. അവർ തൊടികടന്നു നടന്നു. പുല്ലുകൾ നിറഞ്ഞുനിന്ന ഇടവഴിയിലൂടെ അയാൾ മനസറിഞ്ഞ് ഓരോ ചുവടും വച്ചു. ഈ വഴികളെല്ലാം മാഞ്ഞുപോയിരിക്കുന്നു. മഴവെള്ള ചാലുകളുടെ പാടുകളിലൂടെ അവർ നടന്നു. ഇരുവരുടേയും മുന്നിൽ മാടനപൊയ്ക നിറഞ്ഞു കിടന്നു. മാടന്റെ കിണറിന്റെ വശങ്ങൾ ഇടിഞ്ഞിട്ടുണ്ട്. ചുറ്റുമുള്ള കാട് കുറച്ചുകൂടി കനത്തതുപോലെ. അവൻ കാട്ടിലേക്കു നോക്കി. കാടന്മാർ ഇപ്പോഴും അവിടെയുണ്ടാകുമോ. അവന്റെ നോട്ടത്തിനു മറുപടിയായി കാട്ടിൽ നിന്നു നീണ്ട ഓലി ഉയർന്നു.

ഇതാണോ മാടനപൊയ്ക?- ഓമന ചോദിച്ചു. എത്രയോ തവണ സോമന്റെ നാവിൽനിന്നു ഈ പൊയ്കയെ ഓമന അറിഞ്ഞിരിക്കുന്നു. അവളുടെ മനസിൽ അത്ഭുതം കൂറി.

അതെ ഇതാണ് എന്റെ മാടാനപൊയ്ക. ഈ പൊയ്കയാണ് എനിക്ക് എന്നു സ്വന്തമായിരുന്നത്. ഇവിടെ മാടന്റെ സുരക്ഷിതത്വമാണ് എന്നെ ജീവിക്കാൻ പ്രേരിപ്പിച്ചത്. മാടനെ ഞാൻ കണ്ടിട്ടില്ല. പക്ഷെ മാടൻ എന്നെ കണ്ടിട്ടുണ്ട്. എന്റെ കൂടെ മാടൻ എന്നുമുണ്ടായിരുന്നു. ഞാൻ വിളിക്കുമ്പോഴൊക്കെ മാടൻ എന്റെ അടുത്ത് ഓടിയെത്തുമായിരുന്നു...- സോമൻ കുടയിൽനിന്നു മാറി മുന്നോട്ടേക്കു നീങ്ങി. മഴ അവനിലേക്കു പെയ്തിറങ്ങി. കുട ചൂടിക്കാൻ എത്തിയ ഓമനയെ അവൻ വിലക്കി. അവൾക്കിത് അത്ഭുതമായി. താൻ ഇന്നുവരെ കണ്ട സോമനല്ലിത്. മാടനും സോമനും ഒന്നാകുകയാണോ. അവൾക്കു സോമനെ മാടനായി തോന്നി. അയാൾ പറഞ്ഞുകൊടുത്ത കഥകളിലെ മാടന്റെ രൂപം സോമനു കൈവരുന്നുവോ.

സോമൻ കൈയിലുണ്ടായിരുന്ന പുസ്തകം നിവർത്തി. കാട്ടുപോത്ത് എന്നെഴുതിയ ആദ്യ ഏട് മഴയിൽ കുതിർന്നു. പിന്നെ ഓരോ ഏടുകളും. അവൻ പുസ്തകത്തിന്റെ ഏടുകളൊരോന്നും അടർത്തിയെടുത്തു മാടന പൊയ്കയിലൊഴുക്കി. ഓരോന്നും മഴത്തുള്ളികൾക്കൊപ്പം മാടനപൊയ്കയിൽ തത്തിക്കളിച്ചു. മാടനപൊയ്കയെ അവന്റെ പുസ്തക താളുകൾ അറിഞ്ഞു. അവ ഒഴുകിയൊഴുകി മാടന്റെ കിണറിനു ചുറ്റും നിറഞ്ഞു നിന്നു.

കുട മാറ്റിവച്ച് ഓമന അവനടുത്തേക്കു മഴ നനഞ്ഞെത്തി. അയാളുടെ മാറിൽ തലവച്ചു അവൾ മാടനപൊയ്കയിലേക്കു നോക്കി. സോമൻ അവളെ ചേർത്തു പിടിച്ചു. പിന്നെ പതിയെ തിരിഞ്ഞു നടന്നു. നടക്കുന്നതിനിടയിൽ ഓമന മാടനപൊയ്കയിലേക്കു ഒന്നു കൂടി നോക്കി. സോമൻ പറഞ്ഞുതന്ന മാടനപൊയ്കയല്ല അവൾ കണ്ടത്. പൊയ്കയ്ക്കു ചുറ്റും കാടുമില്ല, കാട്ടിൽ കാടന്മാരുടെ ഓലിയുമില്ല.

അപ്പുറത്തെവിടെ നിന്നോ ഏതോ നാട്ടുപട്ടിയുടെ കുര കേട്ടു. പറഞ്ഞുകേട്ടതിൽ മരങ്ങളൊഴിഞ്ഞ ചെറിയ കുന്നുകൾ മാത്രം. പിന്നെ തലയുയർത്തി നിൽക്കുന്ന റബർ

മരങ്ങളും. പൊയ്കയ്ക്കു നടുവിൽ നിഗൂഢമെന്ന പോലെ ഉണ്ടെന്നു പറഞ്ഞിരുന്ന കിണറുമില്ല. ഒലിച്ചിറങ്ങിയ മഴവെള്ളം മാത്രം തളംകെട്ടിക്കിടക്കുന്നു. അതിൽ സോമനൊഴുക്കിയ കടലാസു കഷ്ണങ്ങൾ കുതിർന്നു താഴുന്നു. അവൾ സോമന്റെ മുഖത്തേയ്ക്കു നോക്കി. എല്ലാം അറിയുന്നതു പോലെ അയാൾ വെറുതെ പുഞ്ചിരിച്ചു.

(അവസാനിച്ചു)